**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലാ പഞ്ചായത്ത് - കോവിഡ് 19 - ജില്ലാ പഞ്ചായത്ത് കിച്ചൺ- തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തി പ്രോജക്ട് നടപ്പിലാക്കിയതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.1723/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, 23/09/2020

---

പരാമർശം:- കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച A12/999/20 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോവിഡ് 19 രോഗബാധയുടെ പശ്ചാത്തലത്തിൽ ഗതാഗത സൗകര്യം ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ കൊല്ലം ജില്ലാ ആശുപത്രിയിലെയും വിക്ടോറിയ ആശുപത്രിയിലെയും രോഗപ്രതിരോധ പരിരക്ഷാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ആരോഗ്യപ്രവർത്തർക്ക് 17.04.2020 മുതൽ മൂന്ന് നേരത്തേക്ക് ഭക്ഷണം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതിന് 15.04.2020 ലെ ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും, തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാകളക്ടർ അനുമതി നൽകുകയും സർക്കാരിന്റെ സാധൂകരണം വാങ്ങണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത സാഹചര്യത്തിൽ സർക്കാർ നിർദ്ദേശിച്ച മറ്റ് അടിയന്തര പ്രോജക്ടിൽ ഉൾപ്പെടുത്തി 5,00,000/- രൂപ വകയിരുത്തി അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കിയ ടി ജി.ഒ പ്രോജക്ടിന് സാധൂകരണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലാ പഞ്ചായത്തിൽ കോവിഡ് 19 രോഗബാധയുടെ പശ്ചാത്തലത്തിൽ ആരോഗ്യ പ്രവർത്തകർക്ക് ഭക്ഷണം നൽകുന്നതിന് കിച്ചൺ ആരംഭിച്ച് തനത് ഫണ്ടിൽ നിന്ന് 5,00,000/- രൂപ (അഞ്ചുലക്ഷംരൂപ )വകയിരുത്തി നടപ്പാക്കിയ പ്രോജക്ടിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കൊല്ലം ജില്ലാ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Validity unknown

Digitally signed by S BINDU
Date: 2020.09.23 16:22:32 IST
Reason: Approved